# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ഏപ്രിൽ 2015

### 1. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 11

1 മുതൽ 9-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏപ്രിൽ 11-ാം തീയതി ശനിയാഴ്ച 10 മുതൽ 12 വരെയായിരിക്കും.

### 2. വിശ്വാസോത്സവം 2015 ഏപ്രിൽ 6 - 10

കുട്ടികളുടെ വിശ്വാസോത്സവം ഏപ്രിൽ 6 മുതൽ 10 വരെ നടക്കുന്നു. വിശ്വാസോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവ് ഏപ്രിൽ 6-ാം തീയതി രാവിലെ 10.30ന് കുന്നോത്ത് ഫൊറോനാ ഇടവകയിൽ നിർവ്വഹിക്കുന്നു. നാല് മണിക്കൂർ ക്ലാസ് ലഭിക്കത്തക്കവിധം ഫൊറോനയിലെ എല്ലാ ഇടവകകളിലും ഒരോ സമയത്ത് വിശ്വാസോത്സവം നടത്തണമെന്ന് മാർച്ച് 13ന് കൂടിയ അതിരൂപതാമത ബോധനകമ്മറ്റിയിൽ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് ആവശ്യപ്പെട്ടു.

### 3. അവധിക്കാല വേദപാഠം എപ്രിൽ ക്ലാസ് 24-28

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ **ഏപ്രിൽ 24 മുതൽ 28 വരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.** ക്യാമ്പ് ഫീസ് 600 രൂപ. സമയം ഏപ്രിൽ 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 വരെ. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാ സോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാനപുസ്തകം, പ്രോഗ്രസ്കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലെറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

NB: XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ എഴുതി സമർപ്പി ക്കേണ്ടതാണ്.

**വിഷയം: കുടുംബം പ്രഥമ വിശ്വാസപരിശീലന കളരി.**

### 4. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

IV, VII ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഓരോ ക്ലാസ്സിൽ നിന്ന് ഫൊറോനാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ടക്രമീകര ണങ്ങൾ നടത്തേണ്ടതാണ്.

### 5. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കട്ടികൾ ഇടവകാതല ത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 15ന് മുമ്പ് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 20 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുക.

### 6. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടു ത്തിയിരിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ഏപ്രിൽ 30ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

### 7. പരീക്ഷാഫലം

XII-ാം ക്ലാസ് ഡിപ്ലോമപരീക്ഷാഫലവും IV,VII ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലവും ഏപ്രിൽ മാസം അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്.

### 8. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടേയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടേയും പേരും വീട്ടുപേരും ഫോൺനമ്പറും ഏപ്രിൽ 30ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 9. അതിരൂപതാ മതബോധന കമ്മിറ്റി

2015 മാർച്ച് 13ന് അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ അതിരൂപതാ

മതബോധനകമ്മിറ്റിയിൽ ചർച്ച ചെയ്ത വിഷയങ്ങളും നിർദ്ദേശങ്ങളും താഴെകൊടുക്കുന്നു

1. മാതാപിതാക്കൾക്കായുള്ള പരിശീലനക്ലാസുകൾ ഫാമിലി അപ്പൊ സ്റ്റൊലേറ്റുമായി സഹകരിച്ചു സംഘടിപ്പിക്കുക.
2. ക്ലാസ് 1 മുതൽ 9 വരെയുള്ള കുട്ടികൾക്കായി ഇടവകതോറും "Angels Retreat" എന്ന ധ്യാന പ്രോഗ്രാം ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വ ത്തിൽ സംഘടിപ്പിക്കുക.
3. XII-ാം ക്ലാസിലെ കുട്ടികൾക്കായി ഏതെങ്കിലും ധ്യാനകേന്ദ്രത്തിൽ വച്ച് ത്രിദിനധ്യാനം കെ.സി.വൈ.എം, മിഷൻലീഗ് എന്നീ സംഘടനകളുമായി ചേർന്നു നടത്തുക.
4. അധ്യാപക പരിശീലനത്തിന്റെ ഭാഗമായി ല്യുമെൻ എക്ലേസിയേ, ASPCT പഠന പദ്ധതി എന്നിവ തുടരേണ്ടതാണ്. ല്യുമെൻ എക്ലേസിയേയിൽ ഇടവകയിലെ മുഴുവൻ മതാധ്യാപകരും ചേർന്നു പഠിക്കേണ്ടതാണ്. ASPCT പഠനപദ്ധതി ഫലപ്രദമാക്കുവാൻ ഇടവകാതലത്തിൽ പരിശീല നങ്ങൾ നടത്തുക. കൂടാതെ എല്ലാ ഫൊറോനകളിലും ഏകദിന സെമിനാർ വർഷംതോറും നടത്തേണ്ടതാണ്.
5. മതാധ്യാപകർ നിർബന്ധമായും ആമുഖസെമിനാറിൽ പങ്കെടുക്കേണ്ടതാണ്. ആമുഖസെമിനാർ തലശ്ശേരി, പടന്നക്കാട് എന്നീ രണ്ട് സെന്ററുകളിലായി നടത്തുക.
6. 2014-2015 അധ്യയന വർഷം XI-ാം ക്ലാസിൽ പഠിപ്പിച്ച ഉപപാഠപുസ്തകം കൗമാരലൈംഗിക വിദ്യാഭ്യാസം അടുത്ത അധ്യയനവർഷം മുതൽ VIII-ാം ക്ലാസിലാക്കുക. ഈ കുട്ടികൾക്ക് ഫൊറോന/റീജനൽ തലത്തിൽ പ്രത്യേകം ക്ലാസുകളും ക്രമീകരിക്കേൺതാണ്. XI-ാം ക്ലാസ്സിൽ മറ്റൊരു  പുസ്തകം വരുന്നതുവരെ ഈ ഉപപാഠപുസ്തകം തുടരേണ്ടതാണ്.
7. സഭാചരിത്രത്തിന് പ്രാധാന്യം നൽകുന്നതിനുവേണ്ടി IX-ാം ക്ലാസ്സി ലേയ്ക്ക് സഭാചരിത്രം ഉൾക്കൊള്ളുന്ന ഉപപാഠപു സ്തകം തയ്യാറാക്കുക.
8. ലോഗോസ് ക്വിസ് കേരളകത്തോലിക്കാ സഭയുടെ ബൈബിൾ പഠന പദ്ധതിയായതിനാൽ സൺഡേസ്കൂളിന്റെ ഭാഗമായിതന്നെ നടത്തേ ണ്ടതാണ്. ഇടവകാതലത്തിൽ ലോഗോസ് ക്വിസ് പഠനം ആകർഷക മാക്കുവാൻ പ്രത്യേകം പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കുക.
9. ഈ വർഷം വിശ്വാസോത്സവം ദിവസം 4 മണിക്കൂർ ലഭിക്കുന്നവിധത്തിൽ 5 ദിവസങ്ങളിലായി ഫൊറോനതലത്തിൽ ഒരേ സമയത്ത് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ പതിനാറു ഫൊറോനകളിലും നടത്തേണ്ട താണ്. വരുന്ന വർഷത്തെ വിശ്വാസോത്സവത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സെൻട്രൽ കമ്മിറ്റികൂടി ചർച്ച ചെയ്യേണ്ടതാണ്.
10. വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തവും വേദപാഠത്തിന്റെയും സംഘടനാപ്രവർത്തനങ്ങളുടെയും പ്രാധാന്യം കുറ യാതെ വേദപാഠത്തിന്റെ സമയക്രമങ്ങളിൽ കലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം കമ്മിറ്റിചർച്ച ചെയ്തു. രാവിലെ 8 മണിക്ക് ആരംഭിച്ച് 12 മണിയോടുകൂടി വിശുദ്ധ കുർബാനയും വേദപാഠവും കഴിയുന്ന സമയക്രമം കമ്മിറ്റി നിർദ്ദേശിച്ചു.

സമാപന സന്ദേശത്തിനു മുമ്പായി ആഘോഷ പൂർവ്വകമായ വി. കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുവാനായി തയ്യാറാക്കിയ ജീവന്റെ അപ്പം എന്ന പുസ്തകം അഭിവന്ദ്യപിതാവ് പ്രകാശനം ചെയ്തു.

## 10. ഹാജറിന് വിശിഷ്ഠ സമ്മാനം

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് ഈ അധ്യയന വർഷം മുതൽ വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹന സമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ  ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 11. 10-ാംക്ലാസ് സ്കോളർഷിപ്പ് ഫലം

2014-2015 അധ്യയനവർഷത്തിലെ X-ാം ക്ലാസിലെ സ്കോളർഷിപ്പ് ഫലം താഴെ ചേർക്കുന്നു.

### അതിരൂപതാ റാങ്ക് ലിസ്റ്റ്

| | | |
|---|---|---|
| 1. അൽഫോൻസ ആനിനിൽക്കുംതടത്തിൽ | കരിക്കോട്ടക്കരി | ഒന്നാം റാങ്ക് |
| 2. മേരി കുഴിവേലിൽ | തലശ്ശേരി | രണ്ടാം റാങ്ക് |
| 3. റോസമ്മ കണിക്കുന്നേൽ | കാഞ്ഞിരക്കൊല്ലി | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. മരിയ നെല്ലിക്കൽ | ഉദയഗിരി | ആലക്കോട് |
| 2. എൽസിറ്റ വെട്ടിയോലിൽ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |
| 3. തെരേസ് കുമ്മിണിതോട്ടത്തിൽ | പുലിക്കുരുമ്പ | ചെമ്പേരി |
| 4. അന്നമ്മ കുഴിമറ്റത്തിൽ | താബോർ | ചെറുപുഴ |
| 5. അൽഫോൻസ കോശാക്കൽ | മാങ്ങോട് | എടൂർ |
| 6. ആൻമേരി മാന്തോട്ടത്തിൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 7. റോസ്മരിയ വട്ടപ്പാറ | കുന്നോത്ത് | കുന്നോത്ത് |
| 8. ഡോൺബോസ്കോ വടക്കനാട്ട് | പെരുമ്പടവ് | മേരിഗിരി |

| | | |
|---|---|---|
| 9. ജിസ്മരിയ പള്ളൂരത്തിൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |
| 10. റോസിറ്റ ഉറുമ്പേൽ | ആടാംപാറ | പൈസക്കരി |
| 11. എലിസബത്ത് നെല്ലിക്കുന്നേൽ | മാനടുക്കം | പനത്തടി |
| 12. മേരി മാന്നാത്ത് | മഞ്ഞളാംപുറം | പേരാവൂർ |
| 13. അന്ന നെല്ലിക്കാട്ടിൽ | തലശ്ശേരി | തളിപ്പറമ്പ് |
| 14. കൊച്ചുത്രേസ്യ ഇടക്കരമൈലക്കൽ | തോമാപുരം | തോമാപുരം |
| 15. എലിസബത്ത് പവ്വത്തുപറമ്പിൽ | അൽഫോൻസാഗിരി | വായാട്ടുപറമ്പ് |
| 16. മരിയ വെച്ചുകെട്ടിക്കൽ | ഭീമനടി | വെള്ളരിക്കുണ്ട് |

### 12. വിവിധ കുടിശികകൾ

2014-2015 അധ്യയനവർഷത്തിൽ ഓഫീസിൽ നൽകാനുള്ള മുഴുവൻ തുകകളും ഏപ്രിൽ 11ന് മുൻപ് അടയ്ക്കുകയോ ബാങ്കുവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കുവഴി അയയ്ക്കുന്നവർ പണം അയച്ചതിനുശേഷം ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്. ബാങ്കു സംബന്ധമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

A/Holder : Director Dept. of Catechetics
A/No. 0078053000068533
IFSC : SIBL0000078
Bank : South Indian Bank
Branch : Thalassery

### 13. നന്ദി, നല്ല അവധിക്കാലം

2014-2015 അധ്യയനവർഷം അനുഗ്രഹപ്രദമാക്കാൻ സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും എല്ലാ അധ്യാപകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവു നല്കുന്ന പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. അടുത്ത വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക മെയ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരി ക്കുന്നതായിരിക്കും.

### 14. 2015 മതബോധന ഞായർ മെയ് 31

2015-16 അധ്യായന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിവസമായ മെയ് 31 നായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ